# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3005 — 11/12/2014 ൽ മറുപടിക്ക്

### കുട്ടനാട്ടിലെ വിദ്യാഭ്യാസ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ പ്രകാരം കുട്ടനാട്ടിൽ 2013-14 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികൾ വിശദമാക്കുമോ; | എ) 2013-14 വർഷത്തിൽ കുട്ടനാട് വിദ്യാഭ്യാസ ഉപ ജില്ലയിലെ ഏഴ് ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ഗ്രാന്റ് ഇനത്തിൽ 50,000/- രൂപ വീതവും സയൻസ് കിറ്റ് ഇനത്തിൽ 15,000/- രൂപ വീതവും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ഇനത്തിൽ 4500/- രൂപ വീതവും മൈനർ റിപ്പയർ ഗ്രാന്റായി 5 സ്കൂളുകൾക്ക് 25,000/- രൂപ വീതവും സ്പോർട്സ് കിറ്റിന് ഒരു സ്കൂളിന് 20,000/- രൂപയും ആർ.എം.എസ്.എ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 26 എയിഡഡ് സ്കൂളുകൾക്ക് സയൻസ് കിറ്റിനായി 15,000/- രൂപ വീതവും നൽകിയിട്ടുണ്ട്.<br>ആർ.എം.എസ്.എ പദ്ധതി പ്രകാരം 2014-15 വർഷത്തിൽ കുട്ടനാട് വിദ്യാഭ്യാസ ഉപ ജില്ലയ്ക്ക് കലോത്സവ തുകയായ 25,000/- രൂപ ഉത്തരവായിട്ടുണ്ട്. ഉടനെ തുക കൈമാറുന്നതാണ്. സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ് എന്നീ ഇനത്തിൽ 50,000/- രൂപ, 25,000/- രൂപ വീതം കൈപ്പറ്റാൻ കുട്ടനാട്ടിലെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) അസാപ് പദ്ധതി കുട്ടനാട്ടിലെ ഹയർസെക്കന്ററി സ്കൂളുകളിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ